# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 30.05.2025**

### പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് അതിതീവ്ര മഴയ്ക്കൊപ്പം മഴക്കെടുതികളും രൂക്ഷം ; 8 ജില്ലകളിൽ ചുവപ്പ് ജാഗ്രത ; 4 മരണം.
2. ദുരിതാശ്വാസ ക്യാമ്പുകളിൽ പകർച്ചവ്യാധികൾക്കും കോവിഡിനും എതിരായ പ്രതിരോധം പ്രധാനമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.
3. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ എം.സ്വരാജ് എൽഡിഎഫ് സ്ഥാനാർത്ഥി ; സർക്കാരിന്റെ രാഷ്ട്രീയ വിചാരണ തിരഞ്ഞെടുപ്പിൽ ഉണ്ടാകുമെന്ന് പ്രതിപക്ഷ നേതാവ്.
4. നീറ്റ് പിജി പരീക്ഷ ഒറ്റ ഷിഫ്റ്റിൽ നടത്തണമെന്ന് സുപ്രീം കോടതി.
5. ഐ.പി.എൽ ക്രിക്കറ്റ് എലിമിനേറ്റർ മത്സരത്തിൽ ഇന്ന് മുംബൈ ഇന്ത്യൻസ് - ഗുജറാത്ത് ടൈറ്റൻസ് പോരാട്ടം.

RNU TVPM

****************************************

<u>മഴ</u>

സംസ്ഥാനത്ത് അതിതീവ്ര മഴ തുടരുമെന്ന് കാലാവസ്ഥവകുപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി,

തൃശൂർ, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രതയാണ്. മറ്റ് എല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. നദീതീരത്തുള്ളവരും മലയോര മേഖലകളിലുള്ളവരും മുൻകരുതൽ സ്വീകരിക്കണം. കൊല്ലം, കോട്ടയം ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് തുടരും.

*************************************

## തിരുവനന്തപുരം-മഴ (ഇൻട്രോ)

തിരുവനന്തപുരം ജില്ലയിൽ കനത്ത മഴ തുടരുന്നു. മലയോര മേഖലയിൽ ഉൾപ്പെടെ ജില്ലയിലെ വിവിധയിടങ്ങളിൽ മഴക്കെടുതിയും രൂക്ഷമാണ്. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്..**

(വോയ്സ്).

*************************************

## ആലപ്പുഴ - മഴ (ഇൻട്രോ)

ആലപ്പുഴ ജില്ലയിൽ മഴ തുടരുന്നു. കിഴക്കൻ മഴവെള്ളത്തിൻറെ ശക്തമായ ഒഴുക്കാണ് നദികളിലുള്ളത്. **വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ.....**

(വോയ്സ്)

*************************************

RNU TVPM

## പത്തനംതിട്ട - മഴ (ഇൻട്രോ)

പത്തനംതിട്ട ജില്ലയിൽ ഇന്നും വ്യാപക മഴ. പമ്പ, അച്ചൻകോവിൽ, മണിമല നദികളിൽ പ്രളയ സാധ്യത നിലനിൽക്കുന്നതിനാൽ ജാഗ്രത ജനങ്ങൾ പാലിക്കണം. **വിശദാംശങ്ങളുമായി പത്തനംതിട്ടയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....**

(വോയ്സ്)

****************************************

## വീണാ ജോർജ്

ദുരിതാശ്വാസ ക്യാമ്പുകളിൽ പകർച്ചവ്യാധി പ്രതിരോധവും കോവിഡ് പ്രതിരോധവും പ്രധാനമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം, വയറിളക്ക രോഗങ്ങൾ തുടങ്ങിയവ പകരാതിരിക്കാൻ മുൻകരുതലുകളെടുക്കണം. സംസ്ഥാനത്ത് കണ്ടെത്തിയ വ്യാപന ശേഷി കൂടുതലുള്ള ഒമിക്രോൺ JN 1 LF 7 കോവിഡ് വകഭേദത്തിനെതിരെ ജാഗ്രത പാലിക്കണമെന്നും മന്ത്രി നിർദേശിച്ചു.

RNU TVPM

****************************************

## മന്ത്രി കെ. രാജൻ

സംസ്ഥാനത്ത് ശക്തമായ മഴയിൽ പലയിടങ്ങളിലും കനത്ത നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുതായി മന്ത്രി കെ. രാജൻ. അടുത്ത അഞ്ചു ദിവസം പടിഞ്ഞാറൻ കാറ്റ് കേരളത്തിന് മുകളിൽ തുടരാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം. വ്യാപക മഴയ്ക്കും സാധ്യതയുണ്ട്. അനാവശ്യമായ യാത്രകൾ, പ്രത്യേകിച്ച് മലയോരമേഖലകളിലൂടെയുള്ളവ ഒഴിവാക്കണമെന്നും അപകടകരമായ സ്ഥലങ്ങളിൽ

താമസിക്കുന്നവർ സുരക്ഷിതയിടങ്ങളിലേക്ക് മാറണമെന്നും റവന്യുമന്ത്രി നിർദേശം നൽകി.

************************************************

## മഴക്കാല മുന്നൊരുക്കം

മഴക്കാല മുന്നൊരുക്കത്തിൻറെ ഭാഗമായി ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്റ്റോറേജ് സെൻ്ററുകൾ തുറക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചു. ഓരോ ഗ്രാമപഞ്ചായത്തിനും ഒരു ലക്ഷവും മുനിസിപ്പാലിറ്റികൾക്ക് 3 ലക്ഷവും കോർപ്പറേഷനുകൾക്ക് അഞ്ച് ലക്ഷവും അനുവദിച്ചു.

************************************************

## കോട്ടയം - വള്ളംമറിഞ്ഞു

കോട്ടയത്ത് പാറക്കൽക്കടവിൽ മീൻപിടിക്കാൻ പോയ യുവാക്കൾ വള്ളം മറിഞ്ഞ് മരിച്ചു. കൊല്ലാട് സ്വദേശികളായ അരുൺ സാം, ജോബി എന്നിവരാണ് മരിച്ചത്. മീൻ പിടിക്കാനായി പോയ മൂന്ന് പേർ സഞ്ചരിച്ച വള്ളമാണ് അപകടത്തിൽപ്പെട്ടത്. അപകടത്തിൽ നിന്നും ഒരാളെ നാട്ടുകാർ രക്ഷിച്ചു.

RNUTVPM

************************************************

## മഴ-കാസർഗോഡ്

കാസർഗോഡ് കാഞ്ഞങ്ങാട് ഒഴുക്കിൽപ്പെട്ട യുവാവ് മരിച്ചു. പാലക്കുന്ന് സ്വദേശി സാദിഖ് ആണ് മരിച്ചത്. മൃതദേഹം കാസർകോട് ജനറൽ ആശുപത്രിയിലേക്ക് മാറ്റി. ദുബായിലായിരുന്ന സാദിഖ് ഒരു മാസം മുൻപാണ് നാട്ടിലെത്തിയത്.

************************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

***************************************************

## ഇടുക്കി-മഴ (ഇൻട്രോ)

ഇടുക്കി ജില്ലയിൽ കൂടുതൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 350 ലധികം ഹെക്ടറിലെ കൃഷി നശിച്ചു. കൊച്ചി - ധനുഷ്കോടി ദേശീയപാത മൂന്നാർ ഗ്യാപ്പ് റോഡ് വഴിയുള്ള ഗതാഗതം പൂർണ്ണമായും നിരോധിച്ചിരിക്കുകയാണ്. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.............**

(വോയ്സ്)

RNU TVPM

***************************************************

## കണ്ണൂർ - മഴ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ കനത്ത മഴയെ തുടർന്ന് താഴ്ന്ന പ്രദേശങ്ങളിലെ വീടുകളിൽ വെള്ളം കയറി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ .**

(വോയ്സ്)

***************************************************

## നിലമ്പൂർ

നിലമ്പുർ ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർത്ഥിയായി സിപിഐഎം ന്റെ എം.സ്വരാജ് മത്സരിക്കും. സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദനാണ് സ്ഥാനാർഥിയെ പ്രഖ്യാപിച്ചത്. മുൻ എംഎൽഎ ആയിരുന്ന

എം.സ്വരാജ് നിലമ്പുർ സ്വദേശിയാണ്. യുഡിഎഫ് സ്ഥാനാർഥിയായി ആര്യാടൻ ഷൗക്കത്താണ് രംഗത്തുള്ളത്. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽസ്ഥാനാർത്ഥി തീരുമാനം സംബന്ധിച്ച് യു.ഡി.എഫ് യോഗം കഴിയുന്നത് വരെ കാത്തിരിക്കുമെന്ന് പി.വി.അൻവർ അറിയിച്ചു.

****************************************

## നിലമ്പൂർ- പ്രതിപക്ഷം

നിലമ്പൂരിൽ സി.പി.എം സ്ഥാനാർത്ഥിയെ മത്സരിപ്പിക്കാൻ തീരുമാനിച്ചതിൽ സന്തോഷിക്കുന്നതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. സർക്കാരിൻറെ രാഷ്ട്രീയ വിചാരണ തിരഞ്ഞെടുപ്പിൽ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. അതേസമയം തിരഞ്ഞെടുപ്പിൽ വിജയിക്കുമെന്ന് യുഡിഎഫിന് ആത്മവിശ്വാസമുണ്ടെന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് പറഞ്ഞു.

RNU TVPM

****************************************

## എസ്.സി-നീറ്റ്

അടുത്ത മാസം 15 ന് നടക്കാനിരിക്കുന്ന നീറ്റ് പിജി പരീക്ഷ, രണ്ട് ഷിഫ്റ്റുകളിൽ നടത്തുന്നതിന് പകരം ഒറ്റ ഷിഫ്റ്റിൽ നടത്തണമെന്ന് സുപ്രീം കോടതി. ദേശീയ പരീക്ഷാ ബോർഡിന് കോടതി ഇതുസംബന്ധിച്ച് നിർദ്ദേശം നൽകി. പരീക്ഷ ഒറ്റ ഷിഫ്റ്റായി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കാനും കോടതി ഉത്തരവിട്ടു. നീറ്റ് പിജി പരീക്ഷ രണ്ട് ഷിഫ്റ്റായി നടത്താനുള്ള തീരുമാനത്തിനെതിരായ ഹർജികൾ പരിഗണിക്കുകയായിരുന്നു സുപ്രീംകോടതി.

****************************************

## ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റ് എലിമിനേറ്റർ മത്സരത്തിൽ ഇന്ന് മുംബൈ ഇന്ത്യൻസ് - ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. പഞ്ചാബ് ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ആദ്യ ക്വാളിഫയറിലെ വിജയത്തിലൂടെ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഫൈനലിൽ പ്രവേശിച്ചു.

**********************************************

## വികസിത സങ്കല്പ് അഭിയാൻ

കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ വികസിത കൃഷി സങ്കൽപ്പ് അഭിയാൻ ക്യാമ്പയിൻ പത്തനംതിട്ട ജില്ലയിൽ തുടരുന്നു. കോന്നി,വള്ളിക്കോട്,തണ്ണിത്തോട്,മലയാലപ്പുഴ എന്നീ പ്രദേശങ്ങളിൽ ഇന്ന് ക്യാമ്പയിൻ നടന്നു. നാളെ തുമ്പമൺ, പന്തളം, ഓൺലൈൻ ക്യാമ്പയിൻ എന്നിവ നടക്കും. ജൂൺ 12 വരെയാണ് ക്യാമ്പയിൻ.

RNU TVPM

**********************************************

## ആനന്ദം 2.0 രണ്ടാംഘട്ടം

ക്യാൻസർ പ്രതിരോധ ജനകീയ ക്യാമ്പയിൻ ആരോഗ്യം ആനന്ദം 2.0 ക്ക് നാളെ വയനാട്ടിൽ തുടക്കമാകും. രണ്ടാംഘട്ട ക്യാമ്പയിനിൽ പുരുഷന്മാരിലെ അർബുദ പരിശോധനയ്ക്കാണ് പ്രാധാന്യം നൽകുന്നത്. വദനാർബുദം, വൻകുടലിലെ ക്യാൻസർ എന്നിവയുടെ പരിശോധനയും ചികിത്സയും ക്യാൻസർ പ്രതിരോധ ബോധവത്കരണ പരിപാടികളുമാണ് ഈ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ആരോഗ്യം ആനന്ദം ഒന്നാം ഘട്ട ക്യാമ്പയിനിൽ സ്ത്രീകളിലെ സ്ഥാനാർബുദം, ഗർഭാശയ, ഗള ക്യാൻസർ സ്ക്രീനിങ്ങും ചികിത്സയും വിജയകരമായി പൂർത്തിയാക്കിയതായി ആരോഗ്യ വകുപ്പ് അറിയിച്ചു.

**********************************************

## ലക്ഷദ്വീപ്

ലക്ഷദ്വീപിന്റെ ആരോഗ്യ മേഖലയിൽ സമഗ്ര വികസനം ഒരുക്കുന്നതിന്റെ ഭാഗമായി അഞ്ച് ദ്വീപുകളിൽ അത്യാധുനിക ആശുപത്രികൾ സ്ഥാപിക്കുന്ന പദ്ധതികൾ ആരംഭിച്ചതായി ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ. 231.96 കോടി രൂപ പദ്ധതി ചെലവിൽ മിനിക്കോയ്, ആന്ത്രോത്ത്, കടമത്ത് എന്നിവിടങ്ങളിലായി 30 കിടക്കകളുള്ള മൂന്ന് ആശുപത്രികളുടെ നിർമാണം ആരംഭിച്ചതായി അദ്ദേഹം പറഞ്ഞു.

***************************************

## കപ്പലിൻ്റെ ഇന്ധനടാങ്ക് ചോർച്ച-പരിശീലനം

മുങ്ങിയ MSC ELSA - 3 കപ്പലിൻ്റെ ഇന്ധനടാങ്ക് ചോർച്ച ഉണ്ടായാൽ കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ച് DG ഷിപ്പിങ്ങ് കൊല്ലം ജില്ലയിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. ശ്രീനാരായണഗുരു സംസ്കാരിക സമുച്ചയത്തിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി, പോലീസ്, ഫയർ ഫോഴ്സ്, ഫിഷറീസ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യാഗസ്ഥർ പങ്കെടുത്തു.

RNUTVPM

***************************************

## വന്ദേ ഭാരത്

മംഗളുരു-തിരുവനന്തപുരം വന്ദേ ഭാരതിൽ യാത്രക്കാർക്ക് കാലാവധി കഴിഞ്ഞ ശീതള പാനീയം നൽകിയെന്ന പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്ത് റയിൽവേ ഡിവിഷണൽ മാനേജർക്ക് നോട്ടീസയച്ചു. പരാതി പരിശോധിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

****************************************************************************************************************